# കേരള കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ

## (ആഗസ്റ്റ് 20 - ആഗസ്റ്റ് 26, 2026)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651
(E-mail: ccmannuthy@kau.in, Phone: 0487-2370773)

No. C3/4/2026-35 Dt. 19.08.2026

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്.

നിലവിൽ പലയിടങ്ങളിലും ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിനായി പലയിടങ്ങളിലായി നനഞ്ഞ ചണച്ചാക്കുകൾ ഇട്ട് അതിലേക്ക് ആകർഷിക്കപ്പെടുന്ന ഒച്ചുകളെ കൂട്ടത്തോടെ ശേഖരിച്ച് ഉപ്പു വെള്ളത്തിൽ (25% വീര്യത്തിൽ) ഇട്ട് കൊന്നു കളയണം. കാബേജ്, കോളിഫ്ലവർ, പപ്പായ, വാഴ, മുരിങ്ങ എന്നിവയുടെ ഇലകൾ നേരിട്ടോ ഒരു ദിവസം വെച്ച് പുളിപ്പിച്ച ശേഷമോ നനഞ്ഞ ചാക്കിൽ കെട്ടി വയലിലെ വിവിധ ഭാഗങ്ങളിൽ വെച്ച് ഒച്ചുകളെ ആകർഷിക്കാവുന്നതാണ്. കെണികൾ ദിവസേന പരിശോധിച്ച് ശേഖരിക്കുന്ന ഒച്ചുകളെ ഉടൻ നശിപ്പിക്കണം. 500 ഗ്രാം ഗോതമ്പുപൊടി, 200 ഗ്രാം ശർക്കര, 20 ഗ്രാം ഈസ്റ്റ് എന്നിവയോടൊപ്പം ആവശ്യത്തിന് വെള്ളം ചേർത്ത് കുഴമ്പ് പരുവത്തിലാക്കിയോ അല്ലെങ്കിൽ ഒരു ദിവസം പുളിപ്പിച്ച പൈനാപ്പിൾ, പഴം, പപ്പായ എന്നിവയുടെ അവശിഷ്ടങ്ങൾ ശർക്കരയും ഈസ്റ്റും ചേർത്തോ ആകർഷണക്കെണി തയ്യാറാക്കാം. ഇത് മണ്ണിൽ ഏകദേശം 1 അടി ആഴമുള്ള ചെറിയ കുഴികളിലോ നനഞ്ഞ ചാക്കുകളിലോ വെച്ച് കുഞ്ഞൊച്ചുകളെയും മുതിർന്ന ഒച്ചുകളെയും ആകർഷിക്കാം.

ഒച്ചുകൾ വ്യാപകമായി കാണപ്പെടുന്ന പ്രദേശങ്ങളിൽ നിന്ന് സമീപ കൃഷിയിടങ്ങളിലേക്ക് വ്യാപിക്കുന്നത് തടയുന്നതിനായി അതിർത്തികൾ, നടപ്പാതകൾ തുടങ്ങിയ ഭാഗങ്ങളിൽ 1% തുരിശ് ലായനി (10 ഗ്രാം/ലിറ്റർ വെള്ളം) തളിച്ചോ അല്ലെങ്കിൽ പുകയിലപ്പൊടി / തുരിശുപൊടി / ബോറാക്സ് പൗഡർ എന്നിവ വിതറിയോ പ്രതിരോധഭിത്തി സൃഷ്ടിക്കാം. മതിലുകൾ, മരത്തടികൾ, വൈദ്യുതതൂണുകൾ തുടങ്ങിയ വിളകളില്ലാത്ത പ്രതലങ്ങളിൽ കാണപ്പെടുന്ന ഒച്ചുകളെ നിയന്ത്രിക്കാൻ 6% തുരിശ് ലായനി (60 ഗ്രാം/ലിറ്റർ വെള്ളം) ഉപയോഗിക്കാം. വിളകളിൽ 3 ഗ്രാം തുരിശ് അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കാവുന്നതാണ്. വെള്ളരി വർഗ്ഗ പച്ചക്കറികളിലും നെല്ലിലും ഇത് തളിക്കരുത്.

ഒച്ചുകളുടെ എണ്ണം വളരെ കൂടുതലുള്ള പ്രദേശങ്ങളിൽ മെറ്റാൽഡിഹൈഡ് പെല്ലറ്റ് കെണി (Snail kill) 2.5% വീര്യത്തിൽ (2 കി. ഗ്രാം ഏക്കറിന്) ഉപയോഗിക്കാവുന്നതാണെന്ന് കേന്ദ്ര സംയോജിത കീട നിയന്ത്രണ കേന്ദ്രം ശുപാർശ ചെയ്യുന്നു.

നീർവാർച്ച കുറവുള്ള സ്ഥലങ്ങളിൽ ഇഞ്ചിക്ക് വാട്ട രോഗം കാണുന്നു ്. ചെടി കൾ പെട്ടെന്ന് വാടിപ്പോവുകയും കടചീയുകയും ചെയ്യുന്നതാണ് രോഗ ലക്ഷണം. ഇത് പെട്ടെന്ന് വ്യാപിക്കുകയും ചെയ്യും. രോഗം നിയന്ത്രിക്കുന്നതിനായി ആദ്യം തടത്തിൽ കുമ്മായം വിതറണം. ഒരാഴ്ച്ച കഴിഞ്ഞ് സ്യൂഡോമോണാസ് ചാണകപ്പൊടിയുമായി

ചേർത്ത് മണ്ണിലിട്ടു കൊടുക്കുകയും, കൂടാതെ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി രോഗം ബാധിച്ച ചെടികൾക്കും തളിക്കുകയും ചെയ്യണം.

മഴയും വെയിലും മാറി മാറി വരുന്ന സാഹചര്യങ്ങളിൽ വിളകൾക്ക് കുമിൾ രോഗം വരാനുള്ള സാധ്യത കൂടുതലാണ്. ഇതിനെതിരെ *ട്രൈക്കോഡെർമ്മ വിറിഡെ* എന്ന ജീവാണു ഉണങ്ങിയ ചാണകപ്പൊടി, വേപ്പിൻപിണ്ണാക്ക് എന്നിവ ചേർത്ത് വളർത്തിയതിനു ശേഷം തോട്ടങ്ങളിൽ ഇട്ടു കൊടുത്താൽ കുമിൾ രോഗങ്ങളെ തടയു വാൻ സാധിക്കും.

## അറിയിപ്പ്

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്.

  ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8547070773, 0487 – 2370773**
- കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോമായ ആമസോൺ വഴിയും ലഭ്യമാണ്.
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8547070773**

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**